# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3484 | 29.01.2014-ൽ മറുപടിക്ക് |
|---|---|

### ശിശുവികസന പദ്ധതികൾ കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി.മോയിൻകുട്ടി | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | സാമൂഹ്യനീതി വകുപ്പിൽ വയനാട്, ഇടുക്കി, പാലക്കാട്, കാസർഗോഡ് എന്നീ മലയോരമേഖലകളിൽ, പ്രത്യേകിച്ച് ആദിവാസി മേഖലകളിൽ നിയമിച്ച ശിശു വികസന പദ്ധതി ഓഫീസർമാർ ദീർഘകാല അവധിയിൽ പോകുന്നതുമൂലം പദ്ധതി നടത്തിപ്പ് തടസ്സപ്പെടുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | സാമൂഹ്യനീതി വകുപ്പിൽ വയനാട്, ഇടുക്കി, പാലക്കാട്, കാസർഗോഡ് എന്നീ മലയോരമേഖലകളിൽ, പ്രത്യേകിച്ച് ആദിവാസി മേഖലകളിൽ ശിശു വികസന പദ്ധതി ഓഫീസർമാർ ദീർഘകാല അവധിയിൽ പോകുന്ന പ്രവണതയുണ്ടെങ്കിലും പദ്ധതി നടത്തിപ്പിന് തടസ്സം വരാതിരിക്കുന്നതിന് പകരം സംവിധാനം ഏർപ്പെടുത്താറുണ്ട്. |
| (ബി) | ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | | |
| (സി) | പുരുഷൻമാരായ ഉദ്യോഗസ്ഥരെ ഈ മേഖലയിൽ നിയമിച്ചാൽ പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കാമെന്ന നിർദ്ദേശം പരിശോധിക്കുമോ; | (സി) & (ഡി) | നിലവിലുള്ള വിശേഷാൽ ചട്ടങ്ങൾ പ്രകാരവും കേന്ദ്രസർക്കാർ തീരുമാനവും അനുസരിച്ച് സ്ത്രീ ജീവനക്കാരെ മാത്രമേ ശിശു വികസന പദ്ധതി ഓഫീസർമാരായി നിയമിക്കാൻ സാധിക്കുകയുള്ളൂ. |
| (ഡി) | ഇക്കാര്യത്തിൽ അടിയന്തിര ശ്രദ്ധ ചെലുത്തി പ്രശ്നം പരിഹരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ